പതിനാലാം കേരള നിയമസഭ

10-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 1114 05.03.2018-ൽ മറുപടിക്ക്

റവന്യൂ രേഖകളിലെ മാറ്റത്തിനായുള്ള നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. അടൂർ പ്രകാശ് | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) 2008-ലെ നെൽവയൽ തണ്ണീർ ത്തട സംരക്ഷണ നിയമം വരുന്ന തിന് മുമ്പ് നികത്തിയ ഭൂമി സംബന്ധിച്ച് റവന്യൂ രേഖകളിൽ മാറ്റം വരുത്തുന്നതിന് സ്വീകരി ക്കേണ്ട നടപടികൾ എന്തെല്ലാ മാണെന്ന് വ്യക്തമാക്കുമോ;<br><br>(ബി) ബേസിക് ടാക്സ് രജിസ്റ്ററിൽ നിലം എന്ന് രേഖപ്പെടുത്തിയ ഭൂമിയുടെ റവന്യൂ രേഖകളിൽ തിരുത്തൽ വരുത്തുന്നതിന് ഫീസ് ഈടാ ക്കുമോ; എങ്കിൽ എത്രയാണെന്ന് വ്യക്തമാക്കുമോ; | (എ) യും (ബി) യും<br>2008 ലെ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം നിലവിൽ വരുന്നതിന് മുൻപ് നികത്തിയതും ഡാറ്റാബാങ്കിൽ ഉൾപ്പെട്ടിട്ടില്ലാത്തതും, B.T.R-ൽ നിലമെന്ന രേഖപ്പെടുത്തിയിട്ടുള്ളതുമായ വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയുടെ സ്വഭാവ വ്യതിയാനം വരുത്തുന്നത് സംബന്ധിച്ച് 2017-ലെ നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ഓർഡിനൻസിൽ വകുപ്പ് 27 എ -ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇതിൻ പ്രകാരം അപേക്ഷകൻ റവന്യൂ ഡിവിഷണൽ ഓഫീസർക്ക് അപേക്ഷ നൽകേണ്ടതും അപേക്ഷ അനുവദിക്കുന്ന പക്ഷം റവന്യൂ രേഖകളിൽ മാറ്റം വരുത്തുന്നതിനായി, അപ്രകാരമുള്ള ഭൂമിയുടെ ന്യായവിലയുടെ 50% നിരക്കിൽ ഒരു ഫീസ് അപേക്ഷകൻ നൽകേണ്ടതുമാണ്. |
| (സി) ഡേറ്റാ ബാങ്കിൽ നിലം എന്ന് തെറ്റായി രേഖപ്പെടുത്തിയ ഭൂമിയുടെ റവന്യൂ രേഖകൾ തിരുത്തിക്കിട്ടുന്നതിന് സ്വീകരി ക്കേണ്ട നടപടിക്രമങ്ങൾ വ്യക്ത മാക്കുമോ? | (സി) 30.05.2017-ലെ സ.ഉ(പി) നം.34/2017/ റവന്യൂ (എസ്.ആർ.ഒ നം.301/2017) വിജ്ഞാപന പ്രകാരം ഡാറ്റാബാങ്കിൽ തെറ്റായി ഉൾപ്പെടുത്തിയിരിക്കുന്ന വിവരങ്ങൾ തിരുത്തുന്നതിന് കൃഷിഓഫീസർ മുമ്പാകെ പുന:പരിശോധന അപേക്ഷ ഫയൽ ചെയ്യുന്നതിന് അവസരം നൽകിയിരുന്നു. ഈ അപേക്ഷയുടെ അടിസ്ഥാനത്തിൽ ഡാറ്റാ ബാങ്കിൽ നിന്നും പ്രസ്തുത ഭൂമി ഒഴിവാക്കി കിട്ടുന്ന പക്ഷം ടി ഭൂമിയുടെ റവന്യൂ രേഖകളിൽ മാറ്റം വരുത്തുന്നതിന് 2017-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ഓർഡിനൻസ് വകുപ്പ് 27 എ പ്രകാരമുള്ള നടപടി സ്വീകരിക്കാവുന്നതാണ്. |

**സെക്ഷൻ ഓഫീസർ**